**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 152** **03-03-2025 - ൽ മറുപടിയ്ക്ക്**

**ബ്രൂവറി ആരംഭിക്കുന്നതിനുള്ള ഒയാസിസ് കമ്പനിയുടെ അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ എലപ്പുള്ളിയിൽ ബ്രൂവറി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ഇതു സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത സംരംഭം കുടിവെള്ളപ്രശ്നം ഉണ്ടാക്കുമെന്ന പ്രചാരണത്തിന്റെ വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഈ പ്രോജക്ടിന് ആവശ്യമായ വെള്ളം നൽകാമെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. മഴ വെള്ളം സംഭരിക്കാനുള്ള പദ്ധതിയും കമ്പനി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ബ്രൂവറിയിലേയ്ക്ക് ആവശ്യമായ ജലം എവിടെ നിന്ന് ലഭ്യമാക്കാനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ഈ പ്രോജക്ടിന് ആവശ്യമായ വെള്ളം നിർമ്മാണം നടന്നു വരുന്ന KINFRA Water Supply Scheme-ൽ ഉൾപ്പെടുത്തി നൽകാമെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. Rain Water Harvesitng നടത്തി മഴവെള്ളം സംഭരിക്കാനുള്ള പദ്ധതിയും കമ്പനി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തേയ്ക്ക് പ്രതിവർഷം എത്തുന്ന സ്പിരിറ്റ് ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുള്ളവയാണെന്നും സ്പിരിറ്റിന്റെ അളവ് എത്രയാണെന്നും വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്തേയ്ക്ക് 2024 വർഷത്തിൽ മദ്യനിർമ്മാണത്തിനായി മാത്രം ഇറക്കുമതി ചെയ്തത് 9.21 കോടി ലിറ്റർ സ്പിരിറ്റ് (എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ) ആണ്. ഓരോ സംസ്ഥാനത്ത് നിന്നും ഇറക്കുമതി ചെയ്ത സ്പിരിറ്റിന്റെ അളവ് അനുബന്ധമായി ചേർക്കുന്നു. 2024 ൽ പെട്രോൾ ബ്ലണ്ടിംഗിനായി നാല് പ്രധാനപ്പെട്ട എണ്ണക്കമ്പനികൾ മാത്രം കേരളത്തിലേക്ക് ഇറക്കുമതി ചെയ്തത് 30.26 കോടി ലിറ്റർ സ്പിരിറ്റ് (എഥനോൾ) ആണ്. ഇതിന് പുറമെ വ്യവസായ ആവശ്യത്തിനായും ഇൻഡസ്ട്രിയൽ എഥനോൾ ഇറക്കുമതി ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് സ്പിരിറ്റ് കൊണ്ടുവരുന്നതിലൂടെ ഉണ്ടാകുന്ന ജി.എസ്.ടി. നഷ്ടം എത്രയാണെന്ന് അറിയിക്കാമോ; | (ഇ) | മദ്യ നിർമ്മാണത്തിനുള്ള സ്പിരിറ്റിന് ജി.എസ്.ടി ഇല്ല. അതേ സമയം പെട്രോൾ ബ്ലണ്ടിംഗിനും വ്യവസായ ആവശ്യത്തിനുമുള്ള എഥനോളിന് 5% ജിഎസ്ടി ഉണ്ട്. ചുരുങ്ങിയത് 100 കോടിയിലധികം രൂപ ജിഎസ്ടി ഇനത്തിൽ മറ്റ് സംസ്ഥാനങ്ങളിലേക്ക് നിലവിൽ പോകുന്നുണ്ട്. പെട്രോൾ ബ്ലണ്ടിംഗിനായി വരും വർഷങ്ങളിൽ ആവശ്യമായ എഥനോളിന്റെ അളവ് കണക്കിലെടുക്കുമ്പോൾ ഈ ജി.എസ്.ടി നഷ്ടം വൻതോതിൽ വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്. |
| (എഫ്) | സംസ്ഥാനത്ത് ബ്രൂവറി ആരംഭിക്കുന്നതിനുള്ള ഒയാസിസ് കമ്പനിയുടെ അപേക്ഷ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് ലഭിച്ചതെന്നാണെന്നും പ്രാരംഭ അനുമതി നൽകിയതെന്നാണെന്നും അറിയിക്കാമോ? | (എഫ്) | ബ്രൂവറി ആരംഭിക്കുന്നതിനുള്ള ഒയാസിസ് കമ്പനിയുടെ അപേക്ഷ 30.11.2023-നാണ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് ലഭിച്ചിട്ടുള്ളത്. 16.02.2025-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രാരംഭാനുമതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | സംസ്ഥാനത്തിന്റെ പേര് | സ്പിരിറ്റിന്റെ അളവ് |
|---|---|---|
| 1 | മഹാരാഷ്ട്ര | 26,835,800 ബൾക്ക് ലിറ്റർ |
| 2 | ആന്ധ്രപ്രദേശ് | 19,308,000 ബൾക്ക് ലിറ്റർ |
| 3 | തെലുങ്കാന | 4,191,950 ബൾക്ക് ലിറ്റർ |
| 4 | മധ്യ പ്രദേശ് | 18,160,000 ബൾക്ക് ലിറ്റർ |
| 5 | ഉത്തർ പ്രദേശ് | 783,400 ബൾക്ക് ലിറ്റർ |
| 6 | കർണ്ണാടക | 22,472,800 ബൾക്ക് ലിറ്റർ |
| 7 | ഗോവ | 56,000 ബൾക്ക് ലിറ്റർ |
| 8 | രാജസ്ഥാൻ | 120,000 ബൾക്ക് ലിറ്റർ |
| 9 | പഞ്ചാബ് | 160,000 ബൾക്ക് ലിറ്റർ |
| 10 | ഡാമൻ & ഡ്യൂ | 40,000 ബൾക്ക് ലിറ്റർ |
| | **ആകെ** | **9,21,27,950 ബൾക്ക് ലിറ്റർ** |

**സെക്ഷൻ ഓഫീസർ**